DESPATCHED
23/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ AP.No.2007(5)/20/SIC
## തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
## File No.13582/SIC-G7/2020

സന്നിഹിത
ശ്രീമതി ശ്രീലതപി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ
ഉത്തരവ് തീയതി: 09.02.2022

ശ്രീ. ഷാജു ജോസഫ്
പോത്തംപറമ്പിൽ ഹൗസ്,
കൈതവളപ്പ് റോഡ്,
മഞ്ഞുമൽ – 683 501. } അപ്പീൽ ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്,
കണയന്നൂർ, വളഞ്ഞമ്പലം, കൊച്ചി – 682 016.

അപ്പീൽ അധികാരി &
സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്,
കണയന്നൂർ, വളഞ്ഞമ്പലം, കൊച്ചി – 682 016. } എതിർകക്ഷികൾ

## ഉത്തരവ്

1. അപ്പീൽഹർജിക്കാരൻ 20.11.2020 തീയതിയിലെ വിവരാവകാശ അപേക്ഷയിലൂടെ എസ്.പി.ഐ.ഒയോട് ആവശ്യപ്പെട്ടത്, കൊച്ചി മെട്രോ റെയിൽ വികസനത്തിനായി ജില്ലാ സഹകരണ ബാങ്കിൽ നിന്നും (അപേക്ഷ കാലയളവ് വരെ) എത്ര രൂപ വായ്പായി നൽകിയിട്ടുണ്ട്, ഏത് ഭരണ സമിതിയുടെ കാലഘട്ടത്തിലാണ് വായ്പ അനുവദിച്ചിട്ടുള്ളത്, ഭരണ സമിതി അംഗങ്ങളുടെ മറ്റു വിവരങ്ങൾ, വായ്പ അനുവദിക്കുന്നതിനായി ചേർന്ന യോഗനടപടി ക്രമങ്ങൾ അടങ്ങുന്ന മിനിറ്റ്സിന്റെ പകർപ്പ് എന്നിങ്ങനെയുള്ള 7 വിവരങ്ങളാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നു രണ്ടും എതിർകക്ഷികളിൽ നിന്നു പൂർണ്ണമായ വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും ടെലഫോൺ മുഖാന്തിരം കേൾക്കുകയുണ്ടായി. പ്രസ്തുത ഹിയറിംഗിൽ അപ്പീൽ ഹർജിക്കാരനും ഒന്നാം എതിർകക്ഷിയും പങ്കെടുത്തിരുന്നു.

3. സഹകരണ സംഘങ്ങൾ /ബാങ്ക് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതല്ലാത്തതിനാൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുവാൻ നിർവ്വാഹമില്ലെന്ന് പ്രസ്തുത ബാങ്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ടി വിവരം ടിയാനെ അറിയിച്ചതായും ഇതുമായി ബന്ധപ്പെട്ട അപ്പീൽ ലഭിച്ചിട്ടില്ല എന്നുമാണ് ഒന്നാം എതിർകക്ഷി അറിയിച്ചിട്ടുള്ളത്.

4. കൊച്ചി മെട്രോ റെയിൽ വികസനത്തിന് മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്തതു പോലെ എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്തിരുന്നുവെന്നും ആ വായ്പ സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനായി 13.09.2019 ൽ എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ മുഖ്യ കാര്യാലയത്തിൽ വിവരാവകാശ അപേക്ഷ നൽകിയെന്നും ഉചിതമായ മറുപടി ലഭിക്കാത്തതിനാൽ 28.10.2019 ൽ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ, കാക്കനാടിന് വിവരാവകാശ അപേക്ഷ നൽകിയെന്നും എന്നാൽ വിവരം ലഭ്യമായിട്ടില്ലെന്നും തുടർന്ന് 20.11.2020 ജില്ലാ സഹകരണ ബാങ്കിൽ മറ്റൊരു വിവരാവകാശ അപേക്ഷ നൽകിയെങ്കിലും യാതൊരു വിവരവും ലഭ്യമായിട്ടില്ലെന്നാണ് അപ്പീൽഹർജിക്കാരൻ അറിയിച്ചത്.

5. അപ്പീൽഹർജിക്കാരൻ 20.11.2020 തീയതി അപേക്ഷ സമർപ്പിച്ചിട്ടുളത് കേരള ബാങ്കിലാണ്. കേരള ബാങ്ക് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥാപനമാണ്. ആയതിനാൽ അപേക്ഷകൻ ആവശ്യപ്പെട്ട വിവരം നൽകാൻ കേരള ബാങ്കിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് ബാദ്ധ്യതയുണ്ട്. ആകയാൽ ഈ ഉത്തരവ് കിട്ടി 10 ദിവസത്തിനുള്ളിൽ ടിയാൻ ആവശ്യപ്പെട്ട വിവരം കേരള ബാങ്കിൽ നിന്ന് ശേഖരിച്ച് വിവരം ലഭ്യമാക്കാൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്

6. ഇപ്രകാരം ഈ അപ്പീൽഹർജി ഇന്നേദിവസം 2022 ഫെബ്രുവരി മാസം 4 -ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

ശ്രീലത. പി. ആർ.

സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

RIGHT TO INFORMATI